പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

22.02.2016-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *288

## എല്ലാവർക്കും വീട് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ. ജോസഫ് വാഴയ്ക്കൻ<br>ശ്രീ. പി.സി. വിഷ്ണുനാഥ് | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ നഗരങ്ങളിൽ 'എല്ലാവർക്കും വീട്' എന്ന പദ്ധതി നടപ്പാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട് ; | (എ) 2022 ഓടെ 'എല്ലാവർക്കും ഭവനം' എന്ന ലക്ഷ്യത്തോടുകൂടി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പ്രധാനമന്ത്രി ആവാസ് യോജന. പദ്ധതി 2015-ാം മാണ്ട് ജൂൺ 25 നാണ് ഭാരത സർക്കാർ ആരംഭിച്ചത്. പദ്ധതിയുടെ കാലയളവ് 2022 വരെയാണ്. കേരളത്തിൽ 2015 ഡിസംബർ 8 ന് ബഹു:മുഖ്യമന്ത്രി ഈ പദ്ധതി ഉദ്ഘാടനം ചെയ്തു. തെരഞ്ഞെടുത്ത 14 നഗര സഭകളിലാണ് പദ്ധതി ഒന്നാം ഘട്ടത്തിൽ നടപ്പിലാക്കുന്നത്. തുടർന്ന് എല്ലാ നഗരസഭകളിലും പദ്ധതി നടപ്പിലാക്കുന്നതാണ്. പദ്ധതിയുടെ നടത്തിപ്പിനായി ഡിമാന്റ് സർവ്വേ നടത്തേണ്ടതായുണ്ട്. ഈ പ്രക്രിയ കണ്ണൂർ, കാസർഗോഡ്, പാലക്കാട്, തൃശൂർ, പത്തനംതിട്ട നഗരസഭകളിൽ പൂർത്തിയായി ട്ടുണ്ട്. മറ്റ് നഗരസഭകളിൽ സർവേ നടന്നു വരുന്നു. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) നാല് വ്യത്യസ്തങ്ങളായ ഘടകങ്ങൾ സംയോജിപ്പിച്ചുകൊണ്ടാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്:<br><br>• **ചേരി വികസനം:** 300 ആളുകൾ താമസിക്കുന്ന/60-70 വരെ കുടുംബങ്ങൾ ഉള്ള ചേരിയിലുള്ളവർക്ക് പ്രസ്തുത ചേരിയിൽത്തന്നെ ഭവനം നിർമ്മിച്ചു നൽകുക.<br>• **ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി** താഴ്ന്ന വരുമാനമുള്ളവർക്കും (LIG), സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കും (EWS) ഭവനം നിർമ്മിക്കു ന്നതിനായി / ഭവനം വാങ്ങുന്ന തിനായി/ഭവനത്തിന്റെ നിലവാരം വർദ്ധിപ്പിക്കുന്നതിനായി ബാങ്കിൽ നിന്നും പരമാവധി 6 ലക്ഷം രൂപ വരെ കമ്പോളനിരക്കിലെ പലിശയിൽ നിന്നും 6.5% കുറഞ്ഞ നിരക്കിൽ വായ്പയായി നൽകുന്നതിനുള്ള പദ്ധതി. |

| | | | |
|---|---|---|---|
| | | | • **അഫോർഡബിൾ ഹൗസിംഗ് സ്കീം :** കുറഞ്ഞ നിരക്കിൽ വീടുകൾ ലഭ്യമാക്കി ആയത് വാങ്ങുന്നതിനുള്ള പദ്ധതി<br>• **വ്യക്തിഗത ഭവന നിർമ്മാണ ത്തിനുള്ള ധനസഹായം:** സ്വന്തമായി സ്ഥലമുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്ന പദ്ധതി/ ഭവന പുനരുദ്ധാരണ പദ്ധതി പ്രസ്തുത പദ്ധതി പ്രകാരം 3 ലക്ഷം രൂപ ഗുണ ഭോക്താവിന് നൽകുന്നതാണ്. ഇതിൽ 1.5 ലക്ഷം രൂപ കേന്ദ്രസർക്കാരും ബാക്കി തുക സംസ്ഥാന, ഗുണഭോ ക്തൃ, നഗരസഭാ വിഹിതവുമാണ്. |
| (സി) | ഇത് നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കു മോ ? | (സി) | സംസ്ഥാനത്ത് പദ്ധതിയുടെ നോഡൽ ഏജൻസി അർബൻ ഹൗസിംഗ് മിഷനാണ്. പദ്ധതി നടത്തിപ്പിന്റെ ഭാഗമായി നഗരസഭ കൾക്ക് വിവിധനിർദ്ദേശങ്ങൾ നോഡൽ ഏജൻസി നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാനതലത്തിൽ സ്റ്റേറ്റ് ലെവൽ അഡ്വൈസറി കമ്മിറ്റി, സ്റ്റേറ്റ് ലെവൽ സ്റ്റാന്റിംഗ് & മോണിറ്ററിംഗ് കമ്മിറ്റി, റിഫോംസ് കമ്മിറ്റി, സ്റ്റേറ്റ് ലെവൽ അപ്രൈസൽ കമ്മിറ്റി എന്നിവ രൂപീകരിച്ചിട്ടു ണ്ട്. ഇതിൽ സ്റ്റേറ്റ് ലെവൽ അഡ്വൈസറി കമ്മിറ്റി 19.01.2015 ൽ നഗരകാര്യ വകുപ്പു മന്ത്രിയുടെ അധ്യക്ഷതയിൽ യോഗം ചേർന്നു. കൂടാതെ പദ്ധതിയിലെ ഘടകങ്ങളായ Affordable housing in partnership, in situ slum development ഘടകങ്ങൾ പ്രകാരം സ്വകാര്യ സംരംഭക രുടെ സഹായത്തോടെ പാർപ്പിടങ്ങൾ നിർമ്മിക്കുന്നതിന്റെ സാധ്യത ആരായുന്ന തിനായി നഗരകാര്യ വകുപ്പു മന്ത്രിയുടെ അധ്യക്ഷതയിൽ ബിൽഡേഴ്സിന്റെയും ഡെവലപ്പേഴ്സിന്റെയും ഒരു യോഗം 27.01.2016 ൽ കൂടുകയുണ്ടായി. |

**സെക്ഷൻ ഓഫീസർ**